LIBRARY ARCHIVES Kerala Legislative Assembly

ചടയമംഗലം കോട്ടുക്കലിലെ മൾട്ടി സ്പോർട്സ് കോംപ്ലക്സ്

268 (2012) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം കോട്ടുക്കലിൽ മൾട്ടി സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുമെന്ന വാഗ്ദാനം പാലിക്കുന്നതിനുള്ള നടപടി സത്വരം സ്വീകരിക്കുമോ?

ഉത്തരം

കൊല്ലം ജില്ലയിലെ ചടയമംഗലത്ത് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ (സായി)യുടെ ആഭിമുഖ്യത്തിൽ ഒരു മൾട്ടി സ്പോർട്സ് അക്കാദമി സ്ഥാപിക്കുന്നതിനുള്ള, സംസ്ഥാന സർക്കാരിന്റെ സമ്മതം 29-8-2014-ലെ 804/എ 2/2010 കാ.യു.വ. കത്ത് പ്രകാരം കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിനെ അറിയിച്ചിരുന്നു. സായി-യിൽ നിന്നും ലഭിച്ച വിവരപ്രകാരം പ്രസ്തുത സ്ഥലത്ത് അക്കാദമി സ്ഥാപിക്കുന്നതിന് സായി-ക്ക് യോജിപ്പില്ലായെന്നറിയിച്ചിട്ടുണ്ട്. എന്നിരുന്നാലും ഇക്കാര്യം സായി കേന്ദ്രവുമായി ബന്ധപ്പെട്ട് പരിഗണിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

നടക്കാവ് വലിയകൊവ്വൽ ഫുട്ബോൾ അക്കാദമി

269 (2013) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ മേഖലയിൽ ഫുട്ബാൾ പരിശീലനം സ്ഥിരമായി നൽകുന്നതിന് നടക്കാവ് വലിയകൊവ്വൽ കേന്ദ്രീകരിച്ച് ഫുട്ബോൾ അക്കാദമി തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

കാസർഗോഡ് തൃക്കരിപ്പൂർ മേഖലയിൽ ഫുട്ബോൾ അക്കാദമി തുടങ്ങുന്നത് സംബന്ധിച്ച് അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. ഫുഡ്ബോൾ അക്കാദമി ആരംഭിക്കുന്ന വിഷയം തൽക്കാലം പരിഗണനയിലില്ല.

കായികനയം പരിഷ്കരിക്കാൻ കർമ്മ പദ്ധതി

270 (2014) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായികനയം പരിഷ്കരിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;